പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1465 **16-10-2026-ൽ മറുപടിയ്ക്ക്**

കാർഷിക ഉൽപ്പന്നങ്ങളുടെ വിപണി വില

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മാണി. സി. കാപ്പൻ ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

(എ) കാർഷിക ഉൽപ്പന്നങ്ങൾക്ക് കർഷകർക്ക് ന്യായമായ വില ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളും സംവിധാനങ്ങളും ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

മറുപടി: കാർഷിക മേഖലയിൽ കർഷകർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനായി സർക്കാർ വിവിധ വിപണി ഇടപെടൽ സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർദ്ധനവ് എന്നിവ ശക്തിപ്പെടുത്തുന്നതിനായി കൃഷി വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രൊഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (Horticorp), വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK) എന്നീ ഏജൻസികൾ മുഖേന കർഷകരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

ഹോർട്ടികോർപ് മുഖേന കർഷകരിൽനിന്ന് പച്ചക്കറികൾ നേരിട്ട് സംഭരിച്ച് ന്യായവിലയ്ക്ക് വിപണനം നടത്തുന്നതിനായി വിവിധ വിപണി ശൃംഖലകളും വില നിയന്ത്രണ ഇടപെടലുകളും നടപ്പിലാക്കുന്നു. ഹോർട്ടികോർപ്പിന് സംസ്ഥാനത്ത് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ 78 സ്വന്തം സ്റ്റാളുകളും 192 ലൈസൻസി സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന ഹോർട്ടികോർപ് ഔട്ട് ലെറ്റുകൾ, മൊബൈൽ വിപണന സംവിധാനങ്ങൾ, ഉത്സവകാല വിപണി ഇടപെടലുകൾ എന്നിവയിലൂടെ ഉപഭോക്താക്കൾക്ക് കാർഷിക ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നു.

വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK), കർഷക സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കർഷകരും ഉപഭോക്താക്കളും തമ്മിലുള്ള നേരിട്ടുള്ള വിപണന ബന്ധം പ്രോത്സാഹിപ്പിക്കുന്നതിനുമായി സ്വാശ്രയ കർഷക വിപണികൾ, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള വിപണന സംവിധാനങ്ങൾ എന്നിവ നടപ്പിലാക്കുന്നു.

കർഷകരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി സംസ്ഥാനത്തുടനീളം 295 സ്വാശ്രയ കർഷക സമിതികൾ VFPCK-യുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ, പഴം, പച്ചക്കറികൾ, അവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ ഇടനിലക്കാരുടെ ഇടപെടൽ ഒഴിവാക്കി നേരിട്ട് ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനായി സസ്യ എന്ന പേരിൽ 47-ഉം തളിർ ഗ്രീൻ എന്ന പേരിൽ 63-ഉം ചില്ലറ വിൽപ്പനശാലകളും 2 തളിർ പ്രീമിയം ഔട്ട് ലെറ്റുകളും VFPCK-യുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

വിപണിയിൽ ഉൽപ്പന്നങ്ങളുടെ വില അനിയന്ത്രിതമായി താഴ്ന്ന അവസരത്തിൽ കർഷകർക്ക് ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനായി 16 ഇനം വിളകൾക്ക് സർക്കാർ അടിസ്ഥാന വില നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ പച്ചത്തേങ്ങ, കൊപ്ര, റബ്ബർ, നെല്ല് തുടങ്ങിയ വിളകൾക്ക് സർക്കാർ താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ട്.

കൂടാതെ, താഴെപ്പറയുന്ന വിപണി സംവിധാനങ്ങളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

1. ഇക്കോ ഷോപ്പുകൾ – 521

2. മൊത്തവ്യാപാര ഗ്രാമീണ, നഗര വിപണികൾ – 6

3. എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ – 287

4. ആഴ്ചച്ചന്തകൾ – 979

5. ഗ്രാമീണ, നഗര സ്ട്രീറ്റ് മാർക്കറ്റുകൾ – 60

6. പ്രീമിയം റീറ്റെയ്ൽ ഔട്ട് ലെറ്റുകൾ – 14

7. കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ – 15

2026-ലെ ഓണം വിപണി ഇടപെടലിന്റെ ഭാഗമായി സംസ്ഥാനത്ത് 2,000 കർഷക ചന്തകൾ സംഘടിപ്പിച്ചത്, കർഷകരിൽ നിന്ന് ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിച്ച് ഉപഭോക്താക്കൾക്ക് ന്യായമായ വിലയിൽ ലഭ്യമാക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിനുമുള്ള സംവിധാനത്തിന്റെ ഭാഗമായിരുന്നു.

(ബി) വിപണി വിലയിലുണ്ടാകുന്ന വലിയ ഏറ്റക്കുറച്ചിലുകളിൽ നിന്ന് കർഷകരെ സംരക്ഷിക്കുന്നതിനായി കൂടുതൽ ഫലപ്രദമായ വിലസ്ഥിരതാ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

<u>മറുപടി:</u> വിപണി വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളിൽ നിന്ന് കർഷകരെ സംരക്ഷിക്കുന്നതിനും കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി സംസ്ഥാനത്ത് വിവിധ പദ്ധതികളും വിപണി ഇടപെടൽ സംവിധാനങ്ങളും നിലവിലുണ്ട്.

കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്ന പദ്ധതികളിൽ ഒന്നാണ് Market Intervention Support for Price Stabilization. വിപണിയിൽ കാർഷിക ഉൽപ്പന്നങ്ങളുടെ വില ഗണ്യമായി കുറയുന്ന സാഹചര്യങ്ങളിൽ കർഷകരിൽ നിന്ന് ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിനുള്ള നടപടികൾ ഈ പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചുവരുന്നു. ഹോർട്ടികോർപ് മുഖേന കർഷകരിൽ നിന്ന് പച്ചക്കറികൾ നേരിട്ട് സംഭരിച്ച് വിപണനം നടത്തുന്നതിനായി 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും 78 സ്വന്തം സ്റ്റാളുകളും 192 ലൈസൻസി സ്റ്റോറുകളും പ്രവർത്തിക്കുന്നു. ഔട്ട് ലെറ്റുകൾ, മൊബൈൽ വിപണന സംവിധാനങ്ങൾ, ഉത്സവകാല വിപണി ഇടപെടലുകൾ എന്നിവയിലൂടെയും കാർഷിക ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നു. VFPCK മുഖേന കർഷകരും ഉപഭോക്താക്കളും തമ്മിലുള്ള നേരിട്ടുള്ള വിപണനബന്ധം പ്രോത്സാഹിപ്പിക്കുന്നതിനായി 295 സ്വാശ്രയ കർഷക സമിതികൾ, 47 സസ്യ, 63 തളിർ ഗ്രീൻ ചില്ലറ വിൽപ്പനശാലകൾ, 2 തളിർ പ്രീമിയം ഔട്ട്ലെറ്റുകൾ എന്നിവ പ്രവർത്തിക്കുന്നു. ഈ സംവിധാനങ്ങളിലൂടെ പഴങ്ങൾ, പച്ചക്കറികൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവയുടെ വിപണനം നടത്തിവരുന്നു. ഇതുവഴി കർഷകർക്ക് അടിയന്തരമായി വിപണി പിന്തുണ ലഭ്യമാക്കുന്നതിനും വിലയിടിവിന്റെ ആഘാതം കുറയ്ക്കുന്നതിനും സാധിക്കുന്നു.

കൂടാതെ, സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴങ്ങൾക്കും പച്ചക്കറികൾക്കും വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഗണിച്ച്, ഇടനിലക്കാരുടെ ഇടപെടൽ കുറച്ച് കർഷകർക്ക് ന്യായമായ വില ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാന വില പദ്ധതി 2020 നവംബർ 1 മുതൽ നടപ്പിലാക്കി വരുന്നു. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി ഉൾപ്പെടെ 16 ഇനം പഴം-പച്ചക്കറികൾക്കാണ് അടിസ്ഥാനവില പ്രഖ്യാപിച്ചിട്ടുള്ളത്. കൃഷിവകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അർഹരായ കർഷകർക്ക് പദ്ധതിയുടെ നിലവിലുള്ള വ്യവസ്ഥകൾക്കനുസൃതമായി ആനുകൂല്യം ലഭ്യമാക്കുന്നു. വിപണിവില അടിസ്ഥാനവിലയേക്കാൾ താഴെയാകുന്ന സാഹചര്യത്തിൽ, പദ്ധതിയിൽ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾക്കും നടപടിക്രമങ്ങൾക്കും വിധേയമായി അടിസ്ഥാനവിലയുടെ ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്ന രീതിയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) കാർഷിക ഉൽപ്പന്നങ്ങൾക്ക് ഉൽപ്പാദനച്ചെലവിന് ആനുപാതികമായ വില ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇടനിലക്കാരുടെ ഇടപെടൽ കുറച്ച് കർഷകരിൽ നിന്ന് നേരിട്ട് ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം ചെയ്യുന്നതിനും മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>മറുപടി:</u> ഇല്ല. നിലവിൽ കാർഷിക ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാർഷിക മേഖലയിൽ കർഷകർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും ഇടനിലക്കാരുടെ അനാവശ്യ ഇടപെടലും ചൂഷണവും ഒഴിവാക്കുന്നതിനുമായി സർക്കാർ വിവിധ വിപണി ഇടപെടൽ സംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു.

കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട് കൃഷിവകുപ്പിന് കീഴിലുള്ള വിവിധ ഏജൻസികളായ കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (Horticorp), വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK) എന്നിവ മുഖേന വിവിധ വിപണന സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നു.

ഹോർട്ടികോർപ് മുഖേന കർഷകരിൽ നിന്നും പച്ചക്കറികൾ നേരിട്ട് സംഭരിച്ച് ന്യായവിലയ്ക്ക് വിപണനം നടത്തുന്നതിനായി വിവിധ വിപണി ശൃംഖലകളും വില നിയന്ത്രണ ഇടപെടലുകളും നടപ്പിലാക്കുന്നു. ഹോർട്ടികോർപ്പിന് സംസ്ഥാനത്ത് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും, അവയുടെ കീഴിൽ 78 സ്വന്തം സ്റ്റാളുകളും 192 ലൈസൻസി സ്റ്റോറുകളും ഉണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന ഹോർട്ടികോർപ് ഔട്ട്ലെറ്റുകൾ, മൊബൈൽ വിപണന സംവിധാനങ്ങൾ, ഉത്സവകാല വിപണി ഇടപെടലുകൾ എന്നിവ വഴി ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള കാർഷിക ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നു.

വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK) മുഖേന കർഷക സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കർഷകരും ഉപഭോക്താക്കളും തമ്മിലുള്ള നേരിട്ടുള്ള വിപണന ബന്ധം പ്രോത്സാഹിപ്പിക്കുന്നതിനുമായി സ്വാശ്രയ കർഷക വിപണികൾ, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള വിപണന സംവിധാനങ്ങൾ തുടങ്ങിയവ പ്രവർത്തിച്ചുവരുന്നു. കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 295 സ്വാശ്രയ കർഷക സമിതികൾ VFPCK യുടെ കീഴിൽ പ്രവർത്തിക്കുന്നു. കൂടാതെ, പഴം, പച്ചക്കറികൾ, അവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവയുടെ വിപണനത്തിനായി സസ്യ എന്ന പേരിൽ 47 ഉം തളിർ ഗ്രീൻ എന്ന പേരിൽ 63 ഉം ചില്ലറ വിൽപ്പനശാലകളും 2 തളിർ പ്രീമിയം ഔട്ട്ലെറ്റുകളും VFPCK യുടെ കീഴിൽ പ്രവർത്തിക്കുന്നു.

കൂടാതെ, കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ താഴെപ്പറയുന്ന വിപണി സംവിധാനങ്ങളും പ്രവർത്തിച്ചുവരുന്നു.

1. ഇക്കോഷോപ്പുകൾ (Eco Shops) – 521: കർഷക കൂട്ടായ്മകളിൽ നിന്ന് നേരിട്ട് കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച് പ്രാദേശികതലത്തിൽ വിപണനം നടത്തുന്നതിനുള്ള സംവിധാനം.

2. മൊത്തവ്യാപാര ഗ്രാമീണ, നഗര വിപണികൾ (Wholesale Rural/Urban Markets) – 6: കാർഷിക ഉൽപ്പന്നങ്ങളുടെ കേന്ദ്രീകൃത സംഭരണവും വിപണനവും നടത്തുന്നതിനുള്ള സംവിധാനം.

3. എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ (A Grade Cluster Markets) – 287: കർഷക കൂട്ടായ്മകളുടെ ഉൽപ്പന്നങ്ങൾ ശേഖരിച്ച് ഗുണനിലവാര മാനദണ്ഡങ്ങൾ പാലിച്ച് വിപണനം നടത്തുന്നതിനുള്ള സംവിധാനം.

4. ആഴ്ചച്ചന്തകൾ (Weekly Markets) – 979: പ്രാദേശിക കർഷകരിൽ നിന്നും നേരിട്ട് ഉൽപ്പന്നങ്ങൾ വാങ്ങി ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനുള്ള വിപണി സംവിധാനം.

5. ഗ്രാമീണ, നഗര സ്ട്രീറ്റ് മാർക്കറ്റുകൾ (Rural and Urban Street Markets) – 60: കർഷകർക്ക് പ്രാദേശിക വിപണിയിൽ നേരിട്ട് വിൽപ്പന നടത്തുന്നതിനുള്ള സൗകര്യം.

6. കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ (Keralagro Branded Shops) – 15: കർഷകരുടെയും കർഷക ഉൽപ്പാദക സംഘടനകളുടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഏകീകൃത ബ്രാൻഡിംഗിൽ വിപണനം നടത്തുന്നതിനുള്ള സംവിധാനം.

കർഷക ഉൽപ്പാദക സംഘടനകൾ (FPOs), സഹകരണ സ്ഥാപനങ്ങൾ, കാർഷിക സംരംഭകർ എന്നിവയുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംഭരണം, സംസ്കരണം, മൂല്യവർദ്ധന എന്നിവയുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ